സർ,

അനാദായകരമായ പൊതുവിദ്യാലയങ്ങൾ അടച്ചു പൂട്ടാൻ മടികാണിക്കേണ്ട എന്ന് കാര്യകാരണ സഹിതം വിശദീകരിച്ചുകൊണ്ട് ഡോ. ജോസ് സെബാസ്റ്റ്യൻ ജൂലായ് 14 –ാം തീയതിയിലെ മാതൃഭൂമിയിൽ എഴുതിയ 'ഈ ഇരട്ടത്താപ്പിന് വഴ ങ്ങണോ?' എന്ന ലേഖനം നമ്മുടെ കണ്ണുതുറപ്പിക്കും എന്ന് കരുതുന്നു. ഇതിന് എതിരായി അദ്ധ്യാപക സംഘടനാ നേതാക്കളും മറ്റുള്ളവരും എഴുതിക്കണ്ടു. അപ്രിയങ്ങളായ സത്യം പറയുന്നവരെ കൂട്ടത്തോടെ ആക്രമിച്ച് നിശബ്ദരാക്കുക എന്നതാണ് നമ്മുടെ രീതി. ഇന്ന് വിദ്യാർത്ഥികൾക്കു വേണ്ടിയാണോ അദ്ധ്യാപ കർക്കു വേണ്ടിയാണോ പൊതു വിദ്യാഭ്യാസം നടത്തുന്നത് എന്ന കാര്യത്തിൽ വ്യക്തതയില്ല. അദ്ധ്യാപകരെ സംരക്ഷിക്കുന്നതിനുവേണ്ടി കാണിക്കുന്ന ജാഗ്രത വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാര്യത്തിൽ ഉണ്ടോ? ലേഖകൻ പറഞ്ഞതിലും കൂടുത ലാണ് അധികമുള്ള അദ്ധ്യാപകരുടെ എണ്ണം. യു.ഐ.ഡി നടപ്പിലാക്കിയപ്പോൾ രണ്ട് വർഷം കൊണ്ട് (2011–12, 2012–13) നാല് ലക്ഷത്തി എൺപതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഏഴ് (480537) വിദ്യാർത്ഥികളുടെ കുറവാണ് കണ്ടുപിടിച്ചത്. 1:45 എന്ന അനു പാതം എടുത്താൽ 10,667 അദ്ധ്യാപകർ വർഷങ്ങളായി ഇല്ലാത്ത വിദ്യാർത്ഥികളുടെ പേരിൽ ശംബളം വാങ്ങിയിരുന്നു എന്നു കാണാം. ശരാശരി 25,000/– രൂപ ശംബളം കണക്കാക്കിയാൽ ഇവർക്കായി സംസ്ഥാനം മുടക്കുന്നത് പ്രതിവർഷം 320 കോടി രൂപയാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി ഇല്ലാത്ത കുട്ടികളുടെ പേരിൽ കോടികൾ ഒഴുക്കിക്കൊണ്ടിരിക്കയാണ്. ഇതൊക്കെ വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസം എന്ന പേരിലാണെന്നും മനസ്സിലാക്കണം. ഇത് സ്കൂളിലെ ഉച്ചഭക്ഷണ പദ്ധതി, സർവ്വശിക്ഷാ അഭിയാൻ, ആർ.എം.എസ്.എ തുടങ്ങിയ പദ്ധതികൾക്ക് ചെലവാക്കു ന്നത് കണക്കിലെടുക്കാതെയുള്ള തുകയാണ്.

അനാദായകരമായ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി സർക്കാർ ചെലവാ ക്കുന്ന തുക മനസ്സിലാക്കണമെങ്കിൽ താഴെ കാണുന്ന പട്ടിക നോക്കിയാൽ മതി. തിരു വനന്തപുരത്തെ അഞ്ചു ഗവൺമെന്റ് സ്കൂളുകളിലെ അദ്ധ്യാപകരുടെ ശംബളമാണ് ഇത്.

**<u>നഗര പരിധിയിൽ 5 സ്കൂളുകളിലെ അദ്ധ്യാപക – വിദ്യാർത്ഥി അനുപാതം</u>**

**പട്ടിക**

| നം | സ്കൂൾ | കുട്ടികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം | അനദ്ധ്യാപകരുടെ എണ്ണം | മൊത്തം പ്രതിമാസ ശംബളം (രൂപ) | ഒരു കുട്ടിക്കായി ചിലവാക്കുന്ന തുക |
|---|---|---|---|---|---|---|
| 1. | ഗവ. സ്കൂൾ കണ്ണമ്മൂല | 4 | 4 | 1 | 1,41,865.00 | 4,25,595.00 |
| 2. | ഗവ. എച്ച്. എസ്. വഞ്ചിയൂർ | 37 | 11 | 3 | 6,34,387.00 | 2,05,747.14 |
| 3. | ഗവ. സെൻട്രൽ സ്കൂൾ | 54 | 14 | 3 | 8,63,512.00 | 1,91,891.56 |
| 4. | ഗവ. ഗേൾസ് ഹൈസ്കൂൾ, ചാല | 56 | 9 | 3 | 5,33,882.00 | 1,14,403.29 |
| 5. | ഗവ. സിറ്റി എച്ച്.എസ്, പി.എം.ജി | 33 | 4 | 4 | 2,06,465.00 | 75,078.18 |

ദയവു ചെയ്ത് ഞെട്ടരുത്. കണ്ണമ്മൂല ഗവ. എൽ.പി.എസിൽ പഠിക്കുന്ന ഒരു കുട്ടിക്ക് പ്രതിവർഷം ചെലവഴിക്കുന്ന തുക നാലേകാൽ ലക്ഷം രൂപയാണ്.

തിരുവനന്തപുരത്തുള്ള ഏറ്റവും മുന്തിയ ഇന്റർനാഷണൽ സ്കൂളിൽ പോലും ഒരു വിദ്യാർത്ഥിക്കു ഒരു വർഷം ഒന്നൊന്നരലക്ഷം രൂപ മാത്രമേ ഫീസുള്ളൂ. തിരുവനന്തപുരത്തെ മറ്റ് ഏതൊരു പ്രശസ്ത സ്കൂളിലും പതിനയ്യായിരത്തിനും മുപ്പതിനായിരത്തിനുമിടയ്ക്കാണ് വാർഷിക ഫീസ്. ഇവിടെയാണ് ഡോ. ജോസ് സെബാസ്റ്റ്യൻ പറഞ്ഞ 'സ്കൂൾ വൗച്ചറു'കളുടെ പ്രസക്തി. 20,000/- രൂപയുടെയോ, 30,000/- രൂപയുടെയോ ഒരു വൗച്ചർ പാവപ്പെട്ട ഒരു വിദ്യാർത്ഥിക്കു നൽകിയാൽ രക്ഷിതാവിന് ഇഷ്ടമുള്ള തിരുവനന്തപുരത്തെ ഏത് സ്കൂളിലും കുട്ടിക്ക് പഠിക്കാം. ഒരു കുട്ടിയുടെ പേരിൽ നാലു ലക്ഷം രൂപ സർക്കാരിന് ലാഭമുണ്ടാകും എന്നതിനേക്കാൾ പ്രധാനം കുട്ടിക്ക് മികച്ച വിദ്യാഭ്യാസവും ലഭിക്കുന്നു എന്നതാണ്. ഈ സ്കൂളുകൾ മികച്ച വിദ്യാലയങ്ങൾ അല്ലെങ്കിൽ എന്തുകൊണ്ടാണ് സർക്കാർ സ്കൂളിലെ അദ്ധ്യാപകർ പോലും തങ്ങളുടെ കുട്ടികളെ ഇത്തരത്തിലുള്ള സ്വകാര്യ സ്കൂളുകളിൽ അയക്കുന്നത്.

ലേഖകൻ/ഞാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറായിരുന്ന കാലത്ത് എത്രത്തോളം കുട്ടികൾക്ക് യു. ഐ. ഡി. ഉണ്ടെന്നും അത് എത്രത്തോളം യാഥാർത്ഥ്യമാണെന്നും മനസ്സിലാക്കാനായി, സംസ്ഥാനത്തുടനീളം 90 (11 സർക്കാർ സ്കൂളുകളും 79 സ്വകാര്യ സ്കൂളുകളും) സ്കൂളുകളിൽ സൂപ്പർ ചെക്ക് സെൽ മുഖേന പരിശോധന നടത്തുകയുണ്ടായി. പല സ്കൂളികളിലും തലേ ദിവസം വരെ 100 ശതമാനം ഹാജർ ഉണ്ട്. എന്നാൽ പരിശോധനാ ദിവസം അത് 84% മുതൽ 93% വരെയാണ്. ഈ പരിശോധന നടത്തിയത് ജനുവരി മാസത്തിലാണ്. പരീക്ഷ നടക്കാൻ പോകുന്ന കാലയളവിന് തൊട്ടുമുൻപ് വിദ്യാർത്ഥികൾ കൂട്ടത്തോടെ ഹാജരാകാതിരിക്കും എന്ന് കരുതാൻ പറ്റില്ല. അതായത് യു.ഐ.ഡി-യിൽ പലതും തൊട്ടടുത്ത സി.ബി.എസ്.സി, ഐ.സി.എസ്.സി സ്കൂളുകളിലെ കുട്ടികളുടെ യു.ഐ.ഡി ആകാനാണ് സാധ്യത. അന്യ സംസ്ഥാനത്തെ തൊഴിലാളികളുടെ മക്കളുടെ പേരിലും എന്തിന് രക്ഷിതാക്കളുടെ പേരിലും ഇനിയും വ്യാജ യു.ഐ.ഡി ഉണ്ടാകാൻ സാധ്യതയുണ്ട്. ശരാശരി പത്ത് ശതമാനം വ്യാജ വിദ്യാർത്ഥികൾ എന്ന് കണക്കാക്കിയാൽ ഇനിയും മൂന്നര ലക്ഷം വ്യാജ വിദ്യാർത്ഥികൾ നമ്മുടെ സ്കൂളുകളിൽ ഉണ്ടാകാനാണ് സാധ്യത. കോടികൾ സർക്കാർ ഖജനാവിൽ നിന്നും ഈ ഇനത്തിൽ ഇപ്പോഴും ചോർച്ചയുണ്ടെന്ന് സാരം. 'വൺഡേ വെരിഫിക്കേഷൻ' നടത്തിയാൽ എത്ര വ്യാജ വിദ്യാർത്ഥികൾ ഉണ്ടെന്നു കണ്ടുപിടിക്കാനാകും.

സ്കൂളുകൾ അനാദായകരമായി മാറാൻ ജനസംഖ്യാ കുറവ്, പുതിയ അൺ എയിഡഡ് സ്കൂളുകൾക്കുള്ള അനുമതി തുടങ്ങി പല കാരണങ്ങളും

പറയുന്നുണ്ടെങ്കിലും സംസ്ഥാനത്തെ ചുരുക്കം ചില സർക്കാർ–എയിഡഡ് സ്കൂളിൽ പ്രവേശനം ലഭിക്കാൻ രക്ഷിതാക്കൾ ക്യൂ നിൽക്കുകയാണ്. കേന്ദ്രീയ വിദ്യാലയത്തിലും നവോദയ വിദ്യാലയത്തിലും പ്രവേശനം ലഭിക്കാൻ ഇതുതന്നെയാണ് സ്ഥിതി. നല്ല നിലയിൽ നടത്തുന്ന സർക്കാർ എയിഡഡ് സ്കൂളിലേക്ക് മോശമായി നടത്തുന്ന മറ്റ് സ്കൂളിൽ നിന്ന് കുട്ടികൾ ചേക്കേറുന്നു. അതായത് നല്ല നിലയിൽ നടക്കുന്ന സ്കൂളുകൾ കാരണവും അനാദായകരമായ സ്കൂളുകൾ ഉണ്ടാകുന്നു. അത് ആരും കാണുന്നതായി നടിക്കുന്നില്ല.

സ്കൂൾ വൗച്ചറുകൾ കൂടാതെ സ്കൂളുകൾ നന്നായി നടത്താൻ പല മാതൃകക ളുണ്ട്. അതിലൊരു മാതൃക വിവരിക്കട്ടെ. നഗരപ്രദേശങ്ങളിൽ നടപ്പാക്കാവുന്ന ഒരു മാതൃകയാണിത്. സ്കൂൾ നടത്താനായി ഒന്നര – രണ്ട് ഏക്കർ സ്ഥലം നഗരത്തിനു ള്ളിൽ കിട്ടുക എന്നത് ഇക്കാലത്ത് ദുഷ്കരമാണ്. ആ സാഹചര്യത്തിൽ സർക്കാ രിന്റെ കൈവശമുള്ള അൺ എക്കണോമിക്ക് സ്കൂളുകൾ നടത്താനായി, സ്കൂൾ നടത്തി പരിചയമുള്ള മാനേജ്മെന്റുകൾക്ക് വിട്ടുകൊടുക്കാവുന്നതാണ്. ഒരു വ്യവസ്ഥ മാത്രം, അവർ അഡ്മിഷൻ നൽകുന്ന കുട്ടികളുടെ എണ്ണത്തിന്റെ 25% കുട്ടികളെ സർക്കാർ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കും. ആ കുട്ടി കളെ സ്ഥലവാടകക്ക് പകരമായി സൗജന്യമായി പഠിപ്പിക്കാൻ മാനേജ്മെന്റ് തയ്യാറാകണം. ഉദാഹരണത്തിന് 100 കുട്ടികൾ തുടക്കത്തിൽ ഉള്ള ഒരു സ്കൂളിൽ 25 കുട്ടികൾ സർക്കാർ നോമിനേറ്റ് ചെയ്യുന്നവർ ആയിരിക്കും. സ്കൂൾ നല്ല രീതിയിൽ നട ത്തുകയാണെങ്കിൽ കുട്ടികളുടെ എണ്ണം കൂടി 500 ആയി എന്നിരിക്കട്ടെ. അപ്പോഴും സർക്കാർ നോമിനേറ്റ് ചെയ്യുന്ന 125 കുട്ടികളെ സ്കൂളുകൾ പഠിപ്പിക്കേണ്ടതാകും. ഇത്തരത്തിൽ അനാദായകരമായ വിദ്യാലയങ്ങൾക്ക് പുതുജീവൻ നൽകുന്നതോ ടൊപ്പം ഗുണമേന്മയുള്ള സൗജന്യ പൊതുവിദ്യാഭ്യാസം എന്ന ലക്ഷ്യം കൂടുതൽ മുതൽ മുടക്കാതെ നേടാനാകും. ഇത്തരത്തിൽ സൗജന്യ സീറ്റിനായി കൂടുതൽ കുട്ടികൾ മുന്നോട്ടു വരികയാണെങ്കിൽ ബാക്കിയുള്ള സീറ്റിലേക്ക് 'സ്കൂൾ വൗച്ചർ' സമ്പ്രദായം സർക്കാരിന് നടപ്പിലാക്കാവുന്നതേയുള്ളൂ. സ്കൂൾ വൗച്ചറുകളുടെ കാര്യ ത്തിലായാലും സ്കൂളുകളുടെ നടത്തിപ്പ് വിട്ടുകൊടുക്കുന്ന കാര്യത്തിലായാലും ഇത് സ്വാശ്രയ പ്രൊഫഷണൽ കോളേജിന്റെ കാര്യത്തിൽ മാനേജ്മെന്റുമായി ഗവൺമെന്റിന് ധാരണ ഉണ്ടാക്കാവുന്നതുപോലെ ധാരണ ഉണ്ടാക്കാവുന്നതുമാണ്. വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ചും 25% സീറ്റ് സർക്കാർ നിയോഗിക്കുന്ന കുട്ടികൾക്കായി മാറ്റി വെക്കാൻ സ്വകാര്യ മാനേജ്മെന്റിന് ബാധ്യതയുണ്ടെന്നും അിറ യുക.

കേരളത്തിലെ പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ എണ്ണം ഏതാണ്ട് ഇരുപതിനായിരത്തിലധികം വരുമ്പോൾ സംസ്ഥാനം ഏതാണ്ട് 750 കോടിയിലധികം രൂപയാണ് പ്രതിവർഷം ചെലവഴിക്കുന്നത്. 2016– ലെ ശമ്പള പരിഷ്കരണം കഴിയുമ്പോൾ ഇത് 1250 കോടി രൂപയിലധികമായി ഉയരും. ഇത്രയധികം തുക മുടക്കിയിട്ടും, കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുന്ന സർക്കാർ – എയ്ഡഡ് സ്കൂളുകൾ വിരലിലെണ്ണാവുന്നതാണ്. 'സ്കൂൾ വൗച്ചറുകൾ' ഇവിടെ പരിക്ഷിച്ചു നോക്കാവുന്ന ഒരു മാതൃകയാണ്. പരീക്ഷിച്ചു നോക്കുന്നതിനു പകരം നല്ല സ്കൂൾ തിരഞ്ഞെടുക്കാൻ രക്ഷിതാക്കൾക്ക് അിറയില്ല, വികസിത രാജ്യത്ത് ഇത് പരാജയമാണ് എന്നൊക്കെ പറയുന്നത് പുതിയ മാതൃകകൾ പരീക്ഷിക്കുന്നതിനെ ഭയക്കുന്നവരാണ്.

പ്രൊട്ടക്ടഡ് അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടും എന്ന ഭീതി ഒഴിവാക്കാം. ഉദാഹരണമായി ഭക്ഷ്യസുരക്ഷാവകുപ്പിന് മൂന്നു ലാബുകൾ മാത്രമെ സംസ്ഥാനത്തുള്ളു. സ്കൂളുകളിലെ, കെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദം കഴിഞ്ഞ അദ്ധ്യാപകരെ, ഇതിനായി നിയോഗിച്ചാൽ എല്ലാ ജില്ലയിലും ലാബുകൾ തുടങ്ങുകയും പൊതുജനങ്ങൾക്ക് വലിയ ആശ്വാസമാവുകയും ചെയ്യും. ഇതേ യോഗ്യത തന്നെയാണ് ഡ്രഗ്സ് കൺട്രോളറുടെ കീഴിലുള്ള ലാബുകളിലും. കേവലം 2 ഡ്രഗ്സ് ലാബുകൾ മാത്രമാണ് സംസ്ഥാനത്തുള്ളത്. റവന്യൂ വകുപ്പിന് ആവശ്യത്തിനു ജീവനക്കാരില്ലാത്തതു കാരണം 163 വില്ലേജുകൾ ഇപ്പോഴും ഗ്രൂപ്പ് വില്ലേജുകളായി നിലനിർത്തുകയാണ്. നഗരസഭകൾ, പഞ്ചായത്ത് തുടങ്ങി പല വകുപ്പുകളിലും ആവശ്യത്തിനു ജീവനക്കാരില്ലാത്ത സാഹചര്യമാണ് ഉള്ളത്. വില്ലേജ് ഓഫീസിലും പഞ്ചായത്ത് ഓഫീസിലും ഓരോ അദ്ധ്യാപകരെ, ക്ലാർക്കുമാർ (അല്ലെങ്കിൽ യോഗ്യത അനുസരിച്ച് മറ്റ് തസ്തികയിൽ) നിയമിച്ചാൽ പോലും 3000 ൽ അധികം അദ്ധ്യാപകരെ പുനർ വിന്യസിക്കാൻ സാധിക്കും. ശംബളമോ മറ്റ് പ്രൊമോഷൻ ആനുകൂല്യങ്ങളോ നഷ്ടപ്പെടാതെ ഇപ്പോൾ നിലവിലുള്ള ജീവനക്കാരുടെ പ്രമോഷനും മറ്റാനുകൂല്യങ്ങളും നഷ്ടപ്പെടാതെ, അതാത് ആൾക്കാരുടെ സ്കൂളിലെ ലാവണം നിലനിർത്തിക്കൊണ്ടു ഇത് സാധിക്കും. പക്ഷെ പൊതു വിദ്യാഭ്യാസം എന്ന പേരിൽ അദ്ധ്യാപകരുടെ അവകാശങ്ങൾ മാത്രം സംരക്ഷിക്കുകയും പാവപ്പെട്ടവരുടെ കുട്ടികളെ അതിനു കരുക്കളാക്കുന്ന ഇന്നത്തെ രീതിക്ക് മാറ്റം വരണമെങ്കിൽ കേരളത്തിന്റെ പൊതു നന്മയെ കരുതി മാറ്റം ഉൾക്കൊള്ളാൻ അദ്ധ്യാപക സംഘടനകൾ തയ്യാറാകണം. ഗവൺമെന്റിനോട് സഹകരിക്കണം. ഇതിനുവേണ്ടി അവർ മുന്നോട്ട് വരണം.

ബിജു പ്രഭാകർ ഐ.എ.എസ്
(മുൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ)